# പതിമൂന്നാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 1535

16-03-2015 ൽ മറുപടി നൽകിയത്
(അന്തിമ മറുപടി)

## കാർഷികാവശ്യങ്ങൾക്ക് സൗജന്യ വൈദ്യുതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. പി. തിലോത്തമൻ | ശ്രീ.കെ.പി.മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| (എ) കാർഷികാവശ്യങ്ങൾക്ക് സൗജന്യമായി വൈദ്യുതി കണക്ഷനും വൈദ്യുതിയും നൽകുന്ന പദ്ധതി നിലവിലുണ്ടോ; | (എ) കാർഷികാവശ്യങ്ങൾക്കുള്ള വൈദ്യുതി കണക്ഷൻ ലഭിക്കുന്നതിനുള്ള ചെലവ് കർഷകർ വഹിക്കേണ്ടതാണ്. കൃഷിയ്ക്ക് ജലസേചനത്തിന് ഉപയോഗിക്കുന്ന വൈദ്യുതി ചാർജ്ജ് സൗജന്യത്തിനായുള്ള പദ്ധതി കൃഷി വകുപ്പിൽ നിലവിലുണ്ട്. |
| (ബി) ഈ ഇനത്തിൽ വൈദ്യുതി കണക്ഷനും വൈദ്യുതിയും കർഷകർക്ക് നൽകുന്നതിനുള്ള മാനദണ്ഡം എന്താണെന്ന് വ്യക്തമാക്കാമോ; | (ബി) കാർഷിക വൈദ്യുതി കണക്ഷൻ നൽകുന്നതിനുള്ള മാനദണ്ഡം ഇപ്രകാരമാണ്.<br>1. നെൽകൃഷിയ്ക്ക് ഭൂപരിധിയില്ലാതെ സൗജന്യ വൈദ്യുതി അനുവദനീയമാണ്.<br>2. രണ്ട് ഹെക്ടർ വരെയുള്ള കര കൃഷിയ്ക്ക് എല്ലാ കാർഷിക വിളകൾക്കും കാർഷിക സൗജന്യ വൈദ്യുതി അനുവദനീയമാണ്. ഇപ്രകാരം ഉള്ള കണക്ഷനുകൾ നൽകുന്നതിനായി കർഷകരുടെ അർഹത നിർണ്ണയിക്കുന്നതിന് സർക്കാർ നിർദ്ദേശ പ്രകാരം കെ.എസ്.ഇ.ബി. നിഷ്കർഷിക്കുന്ന മാനദണ്ഡം താഴെപ്പറയുന്നവയാണ്.<br>(i) 30 സെന്റിൽ കുറയാതെ കൃഷി ഭൂമിയുള്ളവരും അതിൽ 75%ൽ കുറയാതെ കൃഷി ചെയ്യുന്നവരുമായ വ്യക്തികൾ.<br>(ii) 10 സെന്റിൽ കുറയാതെ പച്ചക്കറി കൃഷി ചെയ്യുന്ന കർഷകർ.<br>(iii) 5 സെന്റിൽ കുറയാതെ വെറ്റില കൃഷി ചെയ്യുന്ന കർഷകർ. |

കർഷകരുടെ കൃഷി ഭൂമി, കൃഷി ചെയ്തിട്ടുള്ള വിളകൾ, ജലസ്രോതസ്സ്, പമ്പ് സെറ്റിന്റെ വിശദാംശം എന്നിവ പരിശോധിച്ച് കൃഷി ഭവനിലെ കൃഷി ആഫീസർ നൽകുന്ന സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിലാണ് വൈദ്യുതി ബോർഡ് കാർഷിക കണക്ഷനുകൾ നൽകി വരുന്നത്. ഇപ്രകാരം കാർഷിക കണക്ഷനുകൾ ലഭിച്ചിട്ടുള്ള കർഷകർ കാർഷിക സൗജന്യ വൈദ്യുതി പദ്ധതിക്കായി കൃഷി ഭവനുകളിൽ അപേക്ഷിക്കുന്ന മുറയ്ക്കാണ് പദ്ധതി ആനുകൂല്യം കൃഷി വകുപ്പ് നൽകുന്നത്.

(സി) ഈ സർക്കാരിന്റെ കാലയളവിൽ ഈ ഇനത്തിൽ എത്ര പുതിയ കണക്ഷനുകൾ നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) ജില്ല തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു.

| | |
|---|---|
| തിരുവനന്തപുരം | : 615 |
| കൊല്ലം | : 151 |
| പത്തനംതിട്ട | : ഇല്ല. |
| ആലപ്പുഴ | : 1000 |
| കോട്ടയം | : 21 |
| ഇടുക്കി | :136 |
| എറണാകുളം | : 56 |
| തൃശ്ശൂർ | : 8022 |
| പാലക്കാട് | : 6142 |
| മലപ്പുറം | : 6572 |
| കോഴിക്കോട് | : 314 |
| വയനാട് | : 413 |
| കണ്ണൂർ | : 910 |
| കാസറഗോഡ് | : 5749 |
| **ആകെ** | **30101** |

(ഡി) കാർഷികാവശ്യത്തിന് വൈദ്യുതി നൽകുന്ന കേസുകളിൽ ഇപ്രകാരം ആനുകൂല്യം ലഭിക്കുന്നവരുടെ ഓരോ വർഷത്തേയും കൃഷി,ഉല്പന്നങ്ങൾ, ഭൂമിയുടെ വിസ്തൃതി, ഭൂമി കൈമാറ്റം ചെയ്തിട്ടുണ്ടോ എന്നീ വിവരങ്ങൾ കൃത്യമായി പരിശോധിക്കാനുള്ള സംവിധാനങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ഡി) കാർഷിക സൗജന്യ വൈദ്യുതി പദ്ധതി പ്രകാരം ആനുകൂല്യം ലഭിക്കുന്ന കർഷകർ പദ്ധതി ആനുകൂല്യം ദുരുപയോഗപ്പെടുത്തുന്നുണ്ടോ എന്ന് കൃഷി വകുപ്പും വൈദ്യുതി ബോർഡും കാലാകാലങ്ങളിൽ പരിശോധിക്കാറുണ്ട്. കൂടാതെ ധനകാര്യ പരിശോധനാ വിഭാഗവും ഇക്കാര്യം പരിശോധിക്കുന്നുണ്ട്. ഓരോ വർഷവും കൃഷി ഭവൻ തലത്തിൽ പരിശോധന നടത്താറുണ്ട്.

(ഇ) ഈ ഇനത്തിൽ ആനുകൂല്യം ലഭിക്കുന്നവർ കൃഷിചെയ്യാത്തവരും ഭൂമി

(ഇ) സൗജന്യ ആനുകൂല്യം ലഭിക്കുന്നവരിൽ കൃഷിചെയ്യാത്തവരും ഭൂമി കൈമാറ്റം ചെയ്യാത്തവരും ഉള്ളത് പരിശോധിച്ച്

കൈമാറ്റം ചെയ്തവരും ഉണ്ടോ എന്ന് പരിശോധിച്ച് എത്ര കേസുകൾ എടുത്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

ദുരുപയോഗം കണ്ടെത്തിയ കേസുകളും ഒഴിവാക്കിയ കണക്ഷനുകളും സംബന്ധിച്ചുള്ള ജില്ല തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു.

| | |
|---|---|
| തിരുവനന്തപുരം | : ഇല്ല |
| കൊല്ലം | : 182 ( ഒഴിവാക്കിയത്) |
| പത്തനംതിട്ട | : ഇല്ല |
| ആലപ്പുഴ | : 109 ( ഒഴിവാക്കിയത്) |
| കോട്ടയം | : ഇല്ല |
| ഇടുക്കി | : ഇല്ല |
| എറണാകുളം | : 4 |
| തൃശ്ശൂർ | : 110 ( ഒഴിവാക്കിയത്) |
| പാലക്കാട് | : 280 ( ഒഴിവാക്കിയത്) |
| മലപ്പുറം | : 2 കേസ്സുകൾ<br>1198 ( ഒഴിവാക്കിയത്) |
| കോഴിക്കോട് | : 131 ( ഒഴിവാക്കിയത്) |
| വയനാട് | : 16 ( ഒഴിവാക്കിയത്) |
| കണ്ണൂർ | : ഇല്ല |
| കാസറഗോഡ് | : ഇല്ല |

സെക്ഷൻ ഓഫീസർ